

ലോകത്തിലെ ഏറ്റവും വെറുക്കപ്പെട്ടവനാണ് ബുഷ് എന്ന സന്ദേശം ചെരിപ്പേറിലുണ്ട്. ഇറാഖും അതിലെ ജനതയും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ വിസ്മൃതിയുടെ എളുപ്പ വിദ്യയായ സ്റ്റാറ്റിറ്റിക്സിലേക്കൊതുക്കി ആശ്വസിക്കുകയായിരുന്നു ലോകജനത. ഒരൊറ്റ നിമിഷം കൊണ്ട് ആ കരിമ്പടം വലിച്ചുകീറി നഗ്നയാഥാർഥ്യങ്ങൾ അനാവൃതമാക്കി ആ ഏറ്.

ലേഖനം

ഫസൽ കാതിക്കോട്

# ചെരിപ്പേറിനു പിന്നിൽ എരിയുന്ന കനലുകൾ

## (2008 ലെ ഇറാഖ്)

**മധ്യ** ബഗ്ദാദിലെ അൽ ഖയ്യാം തെരുവിൽനിന്ന് വാങ്ങിയ കടുത്ത ബ്രൗൺനിറത്തിലുള്ള രണ്ട് ഷൂസുകൾ ചരിത്രത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. 'പട്ടീ, ഇത് നിനക്കുള്ള ഇറാഖീ ജനതയുടെ അന്ത്യയാത്രാ ചുംബനമാണ്' എന്ന വാചകവും ചരിത്രത്തിൽ തങ്കലിപികളിൽ കുറിക്കപ്പെട്ടുകഴിഞ്ഞു. കെയ്റോയിലെ *അൽ ബഗ്ദാദിയാ* ടി.വിയുടെ റിപ്പോർട്ടറായ മുൻതദിർ അസ്സൈദി പ്രകടിപ്പിച്ചത് മുഴുവൻ ഇറാഖികളുടെയും വികാരമാണ്. ലോകത്തെങ്ങുമുള്ള സ്വാതന്ത്ര്യമോഹികളുടെ ആത്മനൊമ്പരങ്ങളാണ്. നെഞ്ചിൽ സ്വാതന്ത്ര്യദാഹം തിളക്കുന്നവർ ഇനിയും കുറ്റിയറ്റു പോയിട്ടില്ല എന്ന സന്ദേശമാണ്.

ലോകത്തിലെ ഏറ്റവും വെറുക്കപ്പെട്ടവനാണ് ബുഷ് എന്ന സന്ദേശവും ആ ചെരിപ്പേറിലുണ്ട്. ഇറാഖും അതിലെ ജനതയും അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾ വിസ്മൃതിയുടെ എളുപ്പ വിദ്യയായ സ്റ്റാറ്റിറ്റിക്സിലേക്കൊതുക്കി ആശ്വസിക്കുകയായിരുന്നു ലോകജനത. ഒരൊറ്റ നിമിഷം കൊണ്ട് ആ കരിമ്പടം വലിച്ചുകീറി നഗ്നയാഥാർഥ്യങ്ങൾ അനാവൃതമാക്കി ആ ഏറ്. മുൻതദിർ അഭിനന്ദനമർഹിക്കുന്നു. സാമ്രാജ്യത്വം തീർത്ത ശവപ്പറമ്പിനെ വീണ്ടും ലോകത്തിന്റെ സജീവ ശ്രദ്ധയിലേക്ക് കൊണ്ടുവന്നതു വഴി ആ ഏറ് ലക്ഷ്യത്തിൽതന്നെ പതിച്ചിരിക്കുന്നു. ഈ ചുടലക്കളം ഇപ്പോഴും കത്തിക്കൊണ്ടിരിക്കുകയാണ്. ആരോ ചെയ്തു എന്നാരോപിക്കപ്പെടുന്ന കുറ്റങ്ങളുടെ പേരിൽ യാതൊരു തെറ്റും ചെയ്യാത്ത ജനലക്ഷങ്ങൾ നരകയാതന അനുഭവിക്കുകയാണ്. ഇറാഖിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് 2008ൽ മത്രം പുറത്തുവന്ന ഏറ്റവും പുതിയ റിപ്പോർട്ടുകൾ വെളിവാക്കുന്നതും മറ്റൊന്നല്ല.

### തണുത്ത മരണത്തിന്റെ താഴ്‌വര

ശ്മശാനത്തിലെ തണുത്ത നിലാവ്പോലെ അംഗീകൃതമായ ഭീകരതയാണ്



**2003-ലെ അധിനിവേശത്തിനുശേഷം 12 ലക്ഷത്തിലേറെ ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ഒപ്പീനിയൻ റിസർച്ച് ബിസിനസ് നടത്തിയ സർവെയിൽ കണ്ടെത്തിയിരുന്നു. ഓരോ മാസവും 600-നും 800-നുമിടക്ക് സാധാരണക്കാർ ഇപ്പോഴും കൊല്ലപ്പെടുന്നു. പകർച്ചവ്യാധികൾ, ചികിത്സാ സൗകര്യങ്ങളുടെ കുറവ്, മറ്റു രോഗങ്ങൾ തുടങ്ങി അനുബന്ധ കാരണങ്ങളിൽ കൊല്ലപ്പെടുന്നവർ ഇതിനു പുറമെയാണ്.**

ഇറാഖിൽ ഏതുനിമിഷവും എവിടെനിന്നും കടന്നുവരാവുന്ന മരണം. പ്രതിഷേധങ്ങളില്ലാതെ, അലമുറകളില്ലാതെ നിസ്സംഗതയോടെ മരണം സ്വീകരിക്കപ്പെടുന്നു. റോബർട്ട് ഫിസ്ക് എഴുതുന്നു: "മൂന്ന് ശവങ്ങൾ തെരുവിൽ മാലിന്യക്കൂമ്പാരത്തോടൊപ്പം കൂട്ടിയിട്ടിരിക്കുന്നു. ജനങ്ങൾ ഒന്നും സംഭവിക്കാത്തതുപോലെ നടന്നുപോവുന്നു. ഉപേക്ഷിക്കപ്പെട്ട ശവങ്ങൾ, കത്തിക്കരിയുന്ന കാറുകൾ, അഗ്നിപഥം രചിച്ച് പായുന്ന മിസൈലുകൾ, തകർന്ന പാലങ്ങൾ എല്ലാം ഇവിടെ സാധാരണകാഴ്ചകൾ മാത്രം."

മുസ്തഫാ മറോക്കി കണ്ട കാഴ്ചകൾ ഇറാഖിലുടനീളം നിലനിൽക്കുന്ന നിഷ്ക്രിയത്വവും അരാജകത്വവും നിയമരാഹിത്യവും വെളിപ്പെടുത്തുന്നു. കുട്ടികൾ മൃതദേഹങ്ങൾക്കരികിലൂടെ പന്തുതട്ടിക്കളിക്കുന്നു. ഗ്രാമങ്ങളിൽ ഒരാളെങ്കിലും മരിക്കാത്ത വീടുകളില്ലാതായിരിക്കുന്നു. കൂഫയിൽ ഒരു പെൺകുട്ടി ഏഴുപേരാൽ ബലാത്സംഗത്തിനിരയാക്കപ്പെട്ടു. ഇറാഖിലെ ഒരു സാധാരണ സംഭവം മാത്രം. ഇവിടെ മറ്റൊന്നു കൂടി നടന്നു. തങ്ങളാണ് ഇതു ചെയ്തതെന്നും ഏതുവിധത്തിലാണ് തങ്ങളത് ചെയ്തതെന്നും വിവരിക്കുന്ന നോട്ടീസ് ആ പെൺകുട്ടിയുടെ സ്കൂളിന്റെ കവാടത്തിൽ അവർ പതിക്കുക കൂടി ചെയ്തു. ഒരു സ്ത്രീ തന്റെ അഞ്ച് സഹോദരന്മാരുടെ മൃതദേഹങ്ങളാണ് ഒരുമിച്ച് ചവറ്റുകൂനയിൽ കണ്ടെത്തിയത്. അവരുടെ ലിംഗങ്ങൾ മുറിച്ച് വായ്കളിൽ തിരുകി വെക്കപ്പെട്ടിരുന്നു. അവരുടെ കൈകൾ നമസ്കാരത്തിലെന്നപോലെ ബോൾട്ടുകളിട്ട് മുറുക്കി വെച്ചിരുന്നു. പട്ടാളക്കാരുടെ കൽപനപ്രകാരം കൗമാരം കഴിയാത്ത ഒരാൺകുട്ടി പ്രായമായ ഒരു മനുഷ്യന്റെ മൃതദേഹം ചുമന്ന് പോലീസ് സ്റ്റേഷനിലെത്തിക്കുന്നു. ടെലിവിഷൻ റിപ്പയർ ചെയ്യാൻ പോയ ബാപ്പയെ അമേരിക്കൻ പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയതറിയാതെ ബാക്കിയുള്ള ഏക മനുഷ്യജീവിയായ മകൾ കാത്തിരിക്കുന്നു. ചുംബിക്കാൻ കൊതിതോന്നുന്ന കുഞ്ഞുങ്ങളുടെ മുഖത്തേക്ക് ടെലിസ്കോപ്പിക് ലെൻസുകളിലൂടെ ഉന്നം പിടിച്ച് നിറയൊഴിച്ച് അമേരിക്കൻ സൈനികർ രസിക്കുന്നു. ഖുർആൻ കോപ്പികൾ നിരത്തിവെച്ച് അവയ്ക്കു നേരെ നിറയൊഴിച്ച് ചിലർ ഉന്നം പരീക്ഷിക്കുന്നു. മകന് ഭക്ഷണം നൽകാനായി വിധവയായ അമ്മ ശരീരം വിൽക്കുന്നു. അന്തസ്സു കാക്കാനായുള്ള കൊലപാതകങ്ങൾ (honour death) ഇറാഖിൽ സാധാരണമായിരിക്കുന്നു. പട്ടാളക്കാരുടെ പിടിയിലകപ്പെടാതിരിക്കാനായി പെൺകുട്ടികളെ കുടുംബാംഗങ്ങൾ തന്നെ കൊല്ലുന്നു. ഭാഗ്യവതികളായ പെൺകുട്ടികൾ ഇതര അറബ് രാജ്യങ്ങളിലെ സമ്പന്ന പുരുഷന്മാർക്ക് വിൽക്കപ്പെടുന്നു.

ഇസ്‌ലാമിന്റെ സുവർണനൂറ്റാണ്ടുകൾ ലോകത്തിനും ചരിത്രത്തിനും സമ്മാനിച്ച അബ്ബാസിയാ ഖലീഫമാരുടെ ഈ രാജസ്ഥാനം ഇന്ന് പൊടിമണ്ണാണ്. ചോരയാണ്, ദുർഗന്ധമാണ്, മരണമാണ്. പട്ടാളക്കാർ അവർക്കിഷ്ടമുള്ളവരെ കൊല്ലുന്നു. തട്ടിക്കൊണ്ടുപോകുന്നു. ബഗ്ദാദിനു ചുറ്റുമുള്ള സൈനിക ക്യാമ്പുകളിൽ പോലീസിനോ ഭരണകൂടത്തിലെ മറ്റാർക്കെങ്കിലുമോ പ്രവേശനമില്ല. ബഗ്ദാദിൽ കൊല്ലപ്പെടുന്നവരെ 40 കിലോമീറ്റർ അകലെയുള്ള ദിയാല നദിയിൽ കൊണ്ടുപോയിടുന്നു. മൃതദേഹങ്ങൾ നിറച്ച വാഹനങ്ങൾ നദിക്കരികിൽ വരുന്നതും ശവങ്ങൾ നദിയിലേക്ക് വലിച്ചെറിയുന്നതും അതുവഴി കടന്നുപോകുന്ന ട്രക്ക് ഡ്രൈവർമാർ നിത്യവും കാണാറുണ്ട്. ചോദ്യം ചെയ്യലിനിടയിൽ കൊല്ലപ്പെടുന്നവരെ പട്ടാളക്കാർ താമസിക്കുന്ന ബാരക്കുകളിലെ പൂന്തോട്ടങ്ങളിൽ വരെ മറവുചെയ്തുകൊണ്ടിരിക്കുന്നതായി ദൃക്സാക്ഷികൾ പറയുന്നു.

2003-ലെ അധിനിവേശത്തിനുശേഷം 12 ലക്ഷത്തിലേറെ ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ഒപ്പീനിയൻ റിസർച്ച് ബിസിനസ് നടത്തിയ സർവെയിൽ കണ്ടെത്തിയിരുന്നു. 4200ഓളം അമേരിക്കൻ സൈനികരടക്കം സഖ്യസേനക്ക് 4600 ലേറെ പേരാണ് നഷ്ടപ്പെട്ടത്. ഓരോ മാസവും 600-നും 800-നുമിടക്ക് സാധാരണക്കാർ ഇപ്പോഴും കൊല്ലപ്പെടുന്നു. പകർച്ചവ്യാധികൾ, ചികിത്സാ സൗകര്യങ്ങളുടെ കുറവ്, മറ്റു രോഗങ്ങൾ തുടങ്ങി അനുബന്ധ കാരണങ്ങളിൽ കൊല്ലപ്പെടുന്നവർ ഇതിനു പുറമെയാണ്.

യുദ്ധസമയത്ത് ഇറാഖിലുടനീളം വർഷിച്ച ബോംബുകളുടെ കൂട്ടമായ ക്ലസ്റ്റർ ബോംബുകളുടെ എണ്ണം 20 ലക്ഷത്തോളമാണ്. ഇവയിൽ ഇനിയും ഒരുലക്ഷത്തോളം ഇറാഖിന്റെ മണ്ണിൽ പൊട്ടാതെ കിടക്കുന്നുണ്ട്. ഇവ പൊട്ടിത്തെറിച്ച് പ്രതിമാസം 30 പേരെങ്കിലും കൊല്ലപ്പെടുന്നുവെന്ന് കണക്കുകൾ പറയുന്നു.

### അനാഥകളും അഭയാർഥികളും

ഇറാഖിൽ ആകെയുണ്ടായിരുന്ന 290 ലക്ഷം ജനങ്ങളിൽ 47 ലക്ഷം പേർ അഭയാർഥികളും 45 ലക്ഷം കുട്ടികൾ അനാഥരുമായി മാറി. കുട്ടികളിൽ 35 ശതമാനവും ഉമ്മയോ ബാപ്പയോ രണ്ടു പേരുമോ ഇല്ലാത്തവരാണ്. അമ്പതിനായിരം കുട്ടികൾ തെരുവിലുറങ്ങുന്നവരാണ്. അവർക്ക് വീടോ ബന്ധുക്കളോ ഇല്ല. ഉണ്ടെങ്കിൽതന്നെ അവർക്കതറിയില്ല. അമേരിക്കൻ യജമാനന്റെ കീഴിൽ മറ്റൊരു അഭയാർഥിയായി കഴിയുന്ന പാവസർക്കാർ 459 അനാഥകുട്ടികളെ സംരക്ഷിക്കുന്നുണ്ടത്രെ! മറ്റൊരു 800 കുട്ടികൾ അമേരിക്കയുടെ കീഴിലുള്ള ഇറാഖി ജയിലുകളിലുമുണ്ട്. രണ്ടര ലക്ഷം കുട്ടികൾ അയൽ രാജ്യങ്ങളിലാണ് അഭയാർഥികളായി കഴിയുന്നത്.

ലോകത്തിലെയും ചരിത്രത്തിലെയും ഏറ്റവും വലിയ അഭയാർഥി കൂട്ടമാണ് ഇറാഖിലേത്. ഇപ്പോഴും പ്രതിമാസം അറുപതിനായിരം പേർ പുതുതായി അഭയാർഥി നിരയിൽ അണിചേർന്നു കൊണ്ടിരിക്കുന്നു. 12 ലക്ഷം സിറിയയിൽ, 5 ലക്ഷം ജോർദാനിൽ, 2 ലക്ഷം മറ്റു ഗൾഫ് രാജ്യങ്ങളിൽ, എഴുപതിനായിരം ഈജിപ്തിൽ, അമ്പത്തേഴായിരം ഇറാനിൽ, നാൽപതിനായിരം ലബനാനിൽ, പതിനായിരം തുർക്കിയിൽ, 900 സ്വീഡനിൽ. ഇറാഖിൽ നരകവാതിൽ തുറന്ന അമേരിക്കയും അഭയാർഥികളെ സ്വീകരിച്ചിട്ടുണ്ട്; എത്രയെന്നോ, 500 പേർ!

ഇറാഖി ജനസംഖ്യയിൽ 5 ശതമാനം വരുന്ന ക്രിസ്ത്യൻ സമൂഹത്തിലെ ഭൂരിഭാഗവും അഭയാർഥികളാണ്. അധിനിവേശത്തിനുമുമ്പ് 14 ലക്ഷം ക്രിസ്ത്യാനികളുണ്ടായിരുന്നെങ്കിൽ ഇപ്പോൾ അവരുടെ സംഖ്യ 5 ലക്ഷം മാത്രമാണ്. ഇരുപതു ലക്ഷത്തോളം ഇറാഖികൾ അഭയമന്വേഷിച്ച് അയൽ രാജ്യങ്ങളിലേക്ക് പോയെങ്കിൽ ഇരുപത്തേഴു ലക്ഷം പേർ ഇറാഖിനകത്തുതന്നെ സ്വന്തം വീടും പിറന്ന പ്രദേശവും ഉപേക്ഷിക്കേണ്ടിവന്ന ആഭ്യന്തര അഭയാർഥികളാണ്. അഭയാർഥികൾ ചെന്നെത്തിയ നാടുകളിലും അവരുടെ സ്ഥിതി ദയനീയം തന്നെ. ഏറ്റവും കൂടുതൽ അഭയാർഥികളെ സ്വീകരിച്ച സിറിയയിൽ അവർക്ക് ആവശ്യത്തിന് ഭക്ഷണവും ശരിയായ താമസസൗകര്യവുമില്ല. അവിടെയുള്ള രണ്ടുലക്ഷം അഭയാർഥികുട്ടികളിൽ നാൽപതിനായിരം പേർക്കുമാത്രമാണ് നാമമാത്ര വിദ്യാഭ്യാസം ലഭിക്കുന്നത്. ഇരുപത്തിമൂന്ന് ലക്ഷം വിധവകളാണ് ഇറാഖിലുള്ളത്. അതിൽ പത്തുലക്ഷം പേരും ഉറ്റവരെല്ലാം നഷ്ടപ്പെട്ട് വീട്ടിൽ നിന്നിറങ്ങിപ്പോകേണ്ടി വന്നവരാണ്.

### തകർക്കപ്പെട്ട ജീവനോപാധികൾ, നശിപ്പിക്കപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ

ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വിലയേറിയ പ്രകൃതി വിഭവമായ എണ്ണയുടെ ഏറ്റവും വലിയ ഉറവിടങ്ങളിലൊന്നായ ഇറാഖിൽ ജനങ്ങൾ ഇന്ന് ഭക്ഷണവും വസ്ത്രവും വീടും വിദ്യാഭ്യാസവുമില്ലാത്തവരായിരിക്കുന്നു. 40 ലക്ഷം പേർ അടിയന്തര ഭക്ഷ്യസഹായം ആവശ്യമുള്ളവരാണെന്ന് ലോകഭക്ഷ്യപരിപാടിയുടെ(World Food Programme) റിപ്പോർട്ട് പറയുന്നു. ഭക്ഷണം ലഭ്യമായവർക്കുതന്നെ അത് വിലയേറിയതും നാമമാത്രവും ആവശ്യമുള്ള പോഷകങ്ങൾ ലഭിക്കാൻ പര്യാപ്തമല്ലാത്തതുമാണ്. സദ്ദാമിന്റെ കാലത്താരംഭിച്ച പൊതുവിതരണ സംവിധാനം (Public Distribution System-PDS) തകർന്നുകഴിഞ്ഞിരിക്കുന്നു. ഉപരോധ കാലത്ത് ഇറാഖ് ജനത അതിജീവിച്ചത് PDSന്റെ സഹായത്തോടെയായിരുന്നു. ചിലയിടങ്ങളിൽ മാത്രം കുറഞ്ഞ അളവിൽ നടത്തപ്പെടുന്ന പൊതുവിതരണ സംവിധാനം ദിവസം ചെല്ലുന്തോറും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. 2008ന്റെ തുടക്കത്തിൽ 10 ഇനം ഭക്ഷണ പദാർഥങ്ങൾ ലഭിച്ചിരുന്നത് ഇപ്പോൾ അഞ്ചിനങ്ങളായി കുറഞ്ഞു.

ഇറാഖിൽ കൃഷി മുഴുവൻ നശിച്ചിരിക്കുന്നു. അമേരിക്കയിൽനിന്നും വരുന്ന ഭക്ഷ്യവസ്തുക്കളാണ് PDSലൂടെ വിതരണം ചെയ്യുന്നത്. വിതരണ ശൃംഖലയാകെ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുന്നു. നല്ലതെല്ലാം ഉദ്യോഗസ്ഥരും സർക്കാറിന്റെ സിൽബന്ധികളും കൈയടക്കുന്നു. PDSന്റെ വിതരണക്കാരനായ ഹാജി സിയാദ് പറയുന്നു: "അമേരിക്കയിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷ്യവസ്തുക്കൾ വൃത്തികെട്ടതും പലപ്പോഴും വിഷം കലർന്നതു പോലുമാണ്. വിലയാകട്ടെ വാനോളമുയർന്നിരിക്കുന്നു. ഒരു കിലോ തക്കാളിയുടെ വില 2 ഡോളർ(90 രൂപ) വരെയാണ്. വരുമാനത്തിന്റെ 90 ശതമാനം വരെയാണ് ഇറാഖികൾ ഭക്ഷണത്തിനുവേണ്ടി ചെലവാക്കുന്നത്."

ഇറാഖിന്റെ പ്രധാന സർക്കാർ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത് ബഗ്ദാദ് നഗരത്തിലെ പ്രത്യേകം സംവിധാനിച്ച ഗ്രീൻ സോണിലാണ്. അധിനിവേശ സേനയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് അവിടെ നിന്നാണ്. സാധാരണ മനുഷ്യർക്ക് ജീവിക്കാനാവശ്യമായ സൗകര്യങ്ങളുള്ളത് അവിടെ മാത്രമാണ്. ഇറാഖിലെ മറ്റൊരിടത്തും ശരിയായ കുടിവെള്ള സംവിധാനവും വൈദ്യുതിയുമില്ല. ജലവിതരണക്കുഴലുകളും കനാലുകളും പൈപ്പുകളും നിരന്തരമായ ബോംബിംഗിൽ തകർന്നു കിടക്കുകയാണ്. തെരുവുകളിലൂടെ മാലിന്യം പരന്നൊഴുകി പുഴകളിൽ നേരിട്ട് ചെന്നു ചേരുന്നു. വൈദ്യുതിയില്ലാത്തതിനാൽ പമ്പുകൾ പ്രവർത്തിക്കുന്നില്ല. 25 മില്യൻ ജനങ്ങൾക്കും കുടിവെള്ളവും ശരിയായ വൈദ്യുതിയും ലഭ്യമല്ല.

പവർസ്റ്റേഷനുകളും വൈദ്യുത ലൈനുകളും അധിനിവേശ സേനയും അവർക്കെതിരെ ആയുധമെടുത്തവരും മത്സരിച്ച് തകർത്തു. അമേരിക്കൻ പട്ടാള ഭരണകൂടവും തുടർന്നുവന്ന പാവസർക്കാറുകളും പുനർ നിർമാണത്തിനായുള്ള കരാറുകൾ നൽകിയത് അമേരിക്കൻ - പാശ്ചാത്യ കമ്പനികൾക്കാണ്. പഴയ സംവിധാനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനു പകരം വിലകൂടിയ പുതിയ ഉപകരണങ്ങൾ ഇറക്കുമതി ചെയ്ത് എല്ലാം പുതുതായി നിർമിക്കുകയാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഉണ്ടായിരുന്നതിന്റെ ചെറിയൊരു ശതമാനം മാത്രമേ അവർക്ക് പുനർ നിർമിക്കാൻ സാധിച്ചിട്ടുള്ളൂ. ഇറാഖിലെ ഒരൊറ്റ പ്രൊവിൻസിലും 12 മണിക്കൂർ വൈദ്യുതി ലഭിക്കുന്നില്ല.

അധിനിവേശത്തിനുശേഷം അമേരിക്ക നടപ്പാക്കിയ ഒരു പ്രധാന പരിപാടിയാണ് ഡീ ബഅസിഫിക്കേഷൻ അഥവാ ബഅസ് പാർട്ടിയുമായി ബന്ധമുള്ള എല്ലാവരെയും സർക്കാർ ഉദ്യോഗങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പുറത്താക്കുക അല്ലെങ്കിൽ വധിച്ചുകളയുക എന്നത്. ഇറാഖിന്റെ സർവമേഖലകളെയും ഇത് ഗുരുതരമായി ബാധിച്ചു. ഇതനുസരിച്ച് ആശുപത്രികളിൽനിന്ന് ഡോക്ടർമാർ, ഫാക്ടറിയിൽനിന്ന് എഞ്ചിനീയർമാർ, സ്കൂളുകളിൽനിന്ന് അധ്യാപകർ, പ്രഫസർമാർ, ഗവേഷകന്മാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങി ഇറാഖിന്റെ തന്ത്രപ്രധാനമേഖലകളിൽ തഴക്കവും പഴക്കവുമുള്ളവരെ കൂട്ടമായി പുറത്താക്കി. അനേകം പേരെ വധിച്ചു കളഞ്ഞു. ഇത്തരം സ്ഥാപനങ്ങൾ രാജ്യത്തുടനീളം നാഥനില്ലാക്കളരികളായി.

### ആസന്നമരണം കാത്ത് ആരോഗ്യരംഗം

പകർച്ചവ്യാധികൾ, മാറാരോഗങ്ങൾ, തകർന്നുകഴിഞ്ഞ ആരോഗ്യരംഗം, അംഗവൈകല്യം വന്നവരും മുറിവേറ്റവരും- അധിനിവേശം ഇറാഖിനു നൽകിയ മറ്റൊരു സമ്മാനം. ഉപയോഗിച്ചു കഴിഞ്ഞ യുറേനിയം അടങ്ങിയ ആയുധങ്ങൾ യുദ്ധ

സമയത്ത് ഇറാഖിലുടനീളം വർഷിച്ചിരുന്നു. 3200 ടൺ വരുന്ന ഇത്തരം ആയുധങ്ങളിൽ നിന്നുള്ള അണുപ്രസരണം ഇറാഖിന്റെ മണ്ണിലും വായുവിലും വെള്ളത്തിലുമുണ്ട്. ചില മേഖലകളിൽ നൂറുകണക്കിന് കുട്ടികൾ ഇതുവഴി രക്താർബുദ രോഗികളായിത്തീർന്നിരിക്കുന്നു. ഇവർക്കാവശ്യമായ ചികിത്സയും മരുന്നും ഇന്ന് ഇറാഖിൽ ലഭ്യമല്ല.

2003 ഏപ്രിൽ 9-ലെ WHO റിപ്പോർട്ടനുസരിച്ച് (മാർച്ചിലാണ് അധിനിവേശം ആരംഭിക്കുന്നത്) ലോകത്ത് ഏറ്റവും കുറവ് പകർച്ച വ്യാധികളുള്ള രാജ്യങ്ങളുടെ കൂട്ടത്തിലായിരുന്നു ഇറാഖ്. ജർമനി, ഫ്രാൻസ്, ബ്രിട്ടൻ, യു.എസ്, സ്കാൻഡിനേവിയൻ രാജ്യങ്ങൾ തുടങ്ങിയവയാണ് മറ്റുള്ളവ. 2008 ഒക്ടോബറിലെ കണക്കനുസരിച്ച് ലോകത്തിലേറ്റവുമധികം പകർച്ചവ്യാധികളുള്ളതും ശിശുമരണങ്ങൾ നടക്കുന്നതും ഇറാഖിലാണ്.

തകർന്നുകഴിഞ്ഞ ആരോഗ്യ-ചികിത്സാരംഗം സ്ഥിതി കൂടുതൽ വഷളാക്കുന്നു. ഇറാഖിലുണ്ടായിരുന്ന 34000 ഡോക്ടർമാരിൽ 12000 പേർ മറ്റു രാജ്യങ്ങളിൽ അഭയാർഥികളാണ്. രണ്ടായിരത്തിലേറെ പേർ കൊല്ലപ്പെട്ടു. ഒരൊറ്റ ആശുപത്രിയിലും ആവശ്യത്തിന് മരുന്ന്, ഇന്ധനം, വൈദ്യുതി ജനറേറ്ററുകൾ, ജലശുദ്ധീകരണ സംവിധാനങ്ങൾ, ഓക്സിജൻ എന്നിവയൊന്നുമില്ല.

ഇറാഖിലെ ഏറ്റവും വലിയ ആശുപത്രി കോംപ്ലക്സാണ് ബഗ്ദാദിലെ മെഡിക്കൽ സിറ്റി. ഇവിടെയാണ് ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജായ ബഗ്ദാദ് യൂനിവേഴ്സിറ്റി ഓഫ് മെഡിസിൻ സ്ഥിതിചെയ്യുന്നത്. യോഗ്യതയുള്ള ഒരൊറ്റ ഡോക്ടർപോലും ഇവിടെയില്ലാത്ത സ്ഥിതിയാണ് ഇപ്പോൾ. അനേകം പേർ കൊല്ലപ്പെട്ടു. മറ്റുള്ളവർ ഓടിപ്പോയി. മെഡിക്കൽ വിദ്യാർഥിയായ ഡോ. സമീർ സഹ്റ പറയുന്നു: "ഞാൻ ഡോക്ടറും ഒപ്പം മെഡിക്കൽ വിദ്യാർഥിയുമാണ്. സീനിയർ ഡോക്ടർമാർ ആരും തന്നെ ഇവിടെയില്ല. ഞങ്ങൾ സ്വയം പഠിക്കുകയാണ്. സങ്കീർണമായ കേസുകൾ പോലും ഞങ്ങൾ കൈകാര്യം ചെയ്യുന്നു!" ഒരിക്കൽ രാജ്യത്തിന്റെ അഭിമാനമായിരുന്ന ഈ സ്ഥാപനത്തെക്കുറിച്ചുള്ള റിപ്പോർട്ട് 2008 സെപ്റ്റംബറിലേതാണ്.

## വിദ്യാഭ്യാസവും വ്യവസായവും

ഏകദേശം പൂർണമായും തകർന്നുകഴിഞ്ഞ മേഖലകളാണിവ. അധിനിവേശത്തിന്റെ തുടക്കത്തിൽ അമേരിക്കൻ പട്ടാളക്കാർ സ്കൂളുകളും കോളേജുകളും കൈയേറി പട്ടാളക്യാമ്പുകളാക്കി മാറ്റി. പുസ്തകങ്ങളും പഠനോപകരണങ്ങളും പുറത്തിറക്കുന്ന സർക്കാർ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടി. വൈദ്യുതി വിഭാഗത്തിലെന്ന പോലെ സ്കൂളുകൾ റിപ്പയർ ചെയ്യുന്നതിനും കരാറുകൾ ലഭിച്ചത് പടിഞ്ഞാറൻ എം.എൻ.സികൾക്കാണ്. സർവത്ര അഴിമതിയാണിവിടെയും നടക്കുന്നത്. തകർന്ന കെട്ടിടങ്ങൾ പേരിന് റിപ്പയർ ചെയ്ത് പെയിന്റടിച്ച് സർട്ടിഫിക്കറ്റ് നൽകപ്പെടുകയാണ്. 3000ത്തോളം യൂനിവേഴ്സിറ്റി അധ്യാപകർ നാടുവിട്ടുപോയി. 10 ലക്ഷം കുട്ടികൾ പ്രൈമറി പഠനം നിർത്തി. പ്രൈമറി പഠനം കഴിഞ്ഞവരിൽ പകുതിയിലേറെ പേർ തുടർന്നു പഠിക്കുന്നില്ല. എഴുപതു ശതമാനം പെൺകുട്ടികളും പഠനം നിർത്തിയവരാണ്.

എണ്ണ കഴിഞ്ഞാൽ ഇറാഖിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് വൻ സംഭാവന നൽകിയിരുന്നവയാണ് സർക്കാർ ഉടമസ്ഥതയിലുണ്ടായിരുന്ന വ്യവസായങ്ങൾ. ഇത്തരം 192 വ്യവസായ സ്ഥാപനങ്ങൾ 2003നുശേഷം അടച്ചു പൂട്ടപ്പെട്ടു. ഇതോടെ വൈദ്യുതി, എണ്ണ, വെള്ളം, ഭക്ഷണം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ ഇറാഖിൽ ലഭ്യമല്ലാതായി. ഇറാഖിന്റെ മൊത്തം വരുമാനത്തിന്റെ 35 ശതമാനം വരെ ഇവയുടെ സംഭാവനയായിരുന്നു.

## കൊലചെയ്യപ്പെട്ട നാഗരികത

ആണവ-ജൈവ-രാസായുധങ്ങളുടെ നിർമാണം, അൽഖാഇദക്കു നൽകുന്ന പിന്തുണ തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് തുടങ്ങിയ അധിനിവേശം ഒരു നാടിനെയാകമാനം ചുട്ടെരിച്ചതിനുശേഷം അതിന്റെ നേതൃത്വം കള്ളക്കണ്ണീരൊഴുക്കുന്നതും നാം കാണുന്നു. ഇറാഖിനെക്കുറിച്ച് താൻ ഐക്യരാഷ്ട്രസഭയിൽ പറഞ്ഞത് തെറ്റായിരുന്നെന്നും തനിക്ക് ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടുകൾ കെട്ടിച്ചമച്ചതായിരുന്നെന്നും കോളിൻ പവലും തന്റെ പ്രസിഡന്റു കാലയളവിലെ ഏറ്റവും വലിയ പരാജയം ഇറാഖിലെ ഇന്റലിജൻസ് വീഴ്ചയായിരുന്നെന്ന് ജോർജ് ബുഷും പറയുന്നു.

എന്തായിരുന്നാലും അമേരിക്ക ഉദ്ദേശിച്ചത് നേടിക്കഴിഞ്ഞു. ലോകത്തെങ്ങുമുള്ള 46 പ്രമുഖ എണ്ണക്കമ്പനികൾ മത്സരിക്കാനുണ്ടായിരിക്കെ 4 പ്രധാന അമേരിക്കൻ, ബ്രിട്ടീഷ്, ഫ്രഞ്ച് കമ്പനികൾ ഇറാഖിന്റെ എണ്ണയുടെ കുത്തകാവകാശം നേടിയെടുത്തുകഴിഞ്ഞു. എക്സൺ മൊബീൽ, ഷെൽ, ടോട്ടൽ, ബ്രിട്ടീഷ് പെട്രോളിയം എന്നിവക്കാണ് ലേലമില്ലാതെ തന്നെ കരാറുറപ്പിച്ചത്. അന്യരാജ്യങ്ങളെ കൊള്ളയടിച്ചിട്ടും അമേരിക്കക്ക് സാമ്പത്തിക തകർച്ചയിലേക്ക് കൂപ്പുകുത്തേണ്ടിവന്നതിന് ഇറാഖിലെ അധിനിവേശവും പ്രധാന കാരണമാണ്. 3 ട്രില്യൻ (3ലക്ഷം കോടി) ഡോളർ ആണ് ഈ കൊടും ക്രൂരതക്കുവേണ്ടി മൊത്തം ചെലവാക്കേണ്ടിവരികയെന്ന് ജോസഫ് സ്റ്റിഗ്ലിറ്റ്സിന്റെ പുതിയ പുസ്തകം 'ദ ത്രീ ട്രില്യൻ ഡോളർ വാർ' പറയുന്നു. ■

fasalkathikode@yahoo.co.in